

# ജീവിതം ഒരു പവിത്ര ജലാശയം

സി. ആൻഡ്രൂസ്സ്

തെളിഞ്ഞ ജലാശയം പോലെ
മണൽത്തിട്ടകളുള്ളടിത്തട്ടുമായി
ജീവിത പ്രാരംഭം.
ഒരു തരിമണൽ കൊണ്ടെറിയുമ്പോൾ
കുഞ്ഞല നെയ്തത് താഴുന്നു.
ചേറുണ്ടുകളെറിഞ്ഞാലോ
അലഞൊറിയുമ്മവയെന്നാൽ
താഴെ മണലിനെ മൂടും.
നിത്യവുമങ്ങനെ നിക്ഷേപിച്ചാൽ
ജലത്തിൻ വിമലിമയകലും.
ഇനിയൊരു കല്ലെറിയുമ്പോൾ
കരിയല ഞൊറിയും കായൽ
താഴെത്തട്ടിലെ ചെളികളിളകി
വെള്ളം കാളിമയാളും
കല്ലിൻ പതനം കലക്കിയ വെള്ളം
വീണ്ടും തെളിയാൻ തുടങ്ങും
എങ്കിലും അടിയിൽ അടിഞ്ഞൊരു ചെളിയിൽ
വെള്ളം മലിമസമാകും
മാതാപിതാക്കൾ ഗുരുഭൂതന്മാർ
മിത്രങ്ങൾ പ്രിയ ബന്ധു ജനങ്ങൾ
പ്രതിദിനം നമ്മിൽ ചൊരിയുന്നുണ്ടീ
ചേറുണ്ടകളുടെ കൂമ്പാരങ്ങൾ
കാരണമില്ലാതാരോ നമ്മേ
ക്ഷോഭിപ്പിച്ചാൽ ചെളികളിളകും
കലിപൂണ്ടേതോ കരിവേഷത്തിൽ
നാമാകുമ്പോൾ അവരെതിർക്കും
അവരറിയുന്നില്ലവരാണീ ചെളി
നമ്മിലെറിഞ്ഞത് എന്നൊരു സത്യം

മടക്കാൻ നമ്മൾ ശീലിക്കേണം
ചേറുണ്ടകളെ കൈപ്പറ്റാതെ
എങ്കിൽ ജീവിതമെന്ന ജലാശയം
എന്നും നിർമ്മലമായി നിലകൊള്ളും
************